# STD - III

## അദ്ധ്യാപക സഹായി

## പാഠം - നാല്   സഭ-സ്നേഹ സമൂഹം   ഭാഗം - ഒന്ന്

**ലക്ഷ്യം:**

ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ. സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള ഒരു യാത്രയാണ് നമ്മുടെ ജീവിതം. ക്രിസ്തു സ്നേഹിച്ചതുപോലെ നമ്മളും പരസ്പരം സ്നേഹിക്കണം. ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുകയും, പരസ്പരം സ്നേഹിക്കുകയും എല്ലാവർക്കും നന്മ ചെയ്യുകയും ചെയ്യും.

**പഠനസഹായികൾ**

* വചനം - ലൂക്കാ. 10:25-37 (നല്ല സമരിയാക്കാരൻ)
* You Tube - Good Samaritan - Holy Bible Stories

**പാഠത്തിന്റെ ഉള്ളടക്കം**

* നമ്മുടെ ജീവിതം സ്വർഗരാജ്യം ലക്ഷ്യമാക്കിയുള്ള ഒരു യാത്ര
* ഈ യാത്രയ്ക്കിടയിൽ ഏവർക്കും നന്മ ചെയ്യണം.
* ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ
* ഈശോയാണ് നമ്മുടെ നായകൻ
* ക്രിസ്തുവിനെപോലെ നമ്മളും പരസ്പരം സ്നേഹിക്കണം
* ക്രിസ്തുവിനെ അനുസരിച്ച് വളരണം
* സഭയുടെ രക്ഷകനായ ക്രിസ്തുവിനോട് പ്രാർത്ഥിക്കണം
* വചനങ്ങൾ കേൾക്കുകയും പഠിക്കുകയും വേണം
* സ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒരേ മനസ്സോടെ ജീവിക്കണം.

**പ്രാർത്ഥന**

സ്നേഹനിധിയായ ഈശോയെ, എല്ലാ ദിവസവും പ്രാർത്ഥിക്കുന്നതിനും, സുവിശേഷവചനങ്ങൾ കേൾക്കുന്നതിനും, പരസ്പരം സ്നേഹിച്ചുകൊണ്ട് അനുസരണയിൽ വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമെന്ത്?
2. ആരിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ?
3. സഭയുടെ രക്ഷകൻ ആരാകുന്നു?
4. നമ്മുടെ നായകൻ ആര്?
5. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എങ്ങനെ ജീവിക്കണം?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - നാല്   സഭ-സ്നേഹ സമൂഹം   ഭാഗം - രണ്ട്

**ലക്ഷ്യം**

സ്നേഹത്തിലും കാരുണ്യത്തിലും വളരാനാണ് ഈശോ നമ്മോട് പറഞ്ഞത്. ഞാൻ വീട്ടിലുള്ളവരോടും, അയൽക്കാരോടും സ്നേഹത്തോടും കാരുണ്യത്തോടും കൂടി പെരുമാറും. സമൂഹനന്മയ്ക്കായി പ്രവർത്തിക്കും.

**പഠനസഹായികൾ**

* വചനം- അപ്പ. 4:32-37, യോഹ. 13:1-14
* You Tube : (i) Moral stories - Helping others - Ep 04
  (ii) Bible stories for Kids - Jesus the Servant
* ജ്ഞാനസ്നാനത്തിന്റെ ചിത്രം
* ക്രിസ്തുവിന്റെയും ഫ്രാൻസിസ് പാപ്പായുടെയും ചിത്രം

**പാഠത്തിന്റെ ഉള്ളടക്കം**

* ഈശോ പറഞ്ഞു- സ്നേഹത്തിലും കാരുണ്യത്തിലും വളരുക
* സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അടയാളങ്ങൾ
* മറ്റുള്ളവരോട് സ്നേഹവും കാരുണ്യവും കാണിക്കുക
* ജ്ഞാനസ്നാനത്തിലൂടെ സഭയിലെ അംഗങ്ങളാകുന്നു
* തിരുസഭയിലെ കാണപ്പെടാത്ത തലവൻ ക്രിസ്തുവും കാണപ്പെടുന്ന തലവൻ മാർപാപ്പയുമാണ്.

**പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ, മറ്റുള്ളവരോട് സ്നേഹവും കാരുണ്യവും കാണിച്ചുകൊണ്ട്, ഈശോയുടെ പാതകൾ പിന്തുടർന്ന് തിരുസഭയെന്ന കൂട്ടായ്മയിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

**ചോദ്യങ്ങൾ**

1. നാം എങ്ങനെയാണ് ക്രിസ്തുവിശ്വാസികളാകുന്നത്?
2. നമ്മൾ ഏത് കൂദാശയിലൂടെയാണ് സഭയിലെ അംഗങ്ങളാകുന്നത്?
3. തിരുസഭയുടെ കാണപ്പെടാത്ത തലവൻ ആര്?
4. സഭയാകുന്ന കുടുംബത്തിന്റെ കാണപ്പെടുന്ന തലവൻ ആര്?
5. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും രണ്ട് അടയാളങ്ങൾ പറയുക?